(സി) പ്രാഥമിക വായ്പാ സംഘങ്ങളിൽ 31-3-2002-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ എല്ലാത്തരം വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2004 മാർച്ച് മാസം 31-ാം തീയതി വരെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സമയപരിധി. അനാമത്ത് ചിലവുകൾ, പിഴപ്പലിശ, കൂട്ടുപലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി

400 [539] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി വിദേശ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരം ഇൻഷ്വറൻസ് പോളിസിയുടെ കുത്തകാവകാശം ആർക്കാണ്;

(സി) കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയുടെ മൂലധനം എത്രയാണ്;

(ഡി) ഇതിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുക എത്ര;

(ഇ) ഇൻഷ്വറൻസ് കവറേജിൽ ആരൊക്കെ ഉൾപ്പെടും;

(എഫ്) പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി പ്രസ്തുത സ്ഥാപനം ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) ഇത്തരം സഹകാര്യ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി സംസ്ഥാനത്തെ മറ്റേതെങ്കിലും സ്ഥാപനം കരാറുണ്ടാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇഫ്കോ-ടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം, എ.എം.പി.-സൻമാർ അഷ്വറൻസ് കമ്പനി ക്ലിപ്തം എന്നിവർക്കാണ് പോളിസിയുടെ കുത്തകാവകാശം.

(സി) അംഗീകൃത മൂലധനം 125 കോടി രൂപയാണ്.

(ഡി) 2,05,79,300 രൂപ.

(ഇ) വ്യക്തികൾ, സഹകരണ സംഘങ്ങളിലെ മെമ്പർമാർ, ജീവനക്കാർ, സംഘങ്ങളുടെയും വ്യക്തികളുടെയും സ്വത്ത്വകകൾ എന്നിവ.

(എഫ്) ജനറൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിരുന്നു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചേർന്ന് പ്രവർത്തനം നടത്തുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും സമർപ്പിക്കുന്നതിന് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) സഹകരണ വകുപ്പിന്റെ പരിധിയിൽ വരുന്ന മറ്റൊരു സ്ഥാപനവുമായും കരാറുണ്ടാക്കിയിട്ടില്ല.

ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക് എന്നിവയിലെ പലിശ നിരക്ക്

101 [540] ശ്രീ. വർക്കല കഹാർ:
,, കെ. മുഹമ്മദാലി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ലൂഡി ലൂയിസ്:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് വായ്പ നൽകുന്നതിന് ഈടാക്കുന്ന പലിശനിരക്കെത്രയാണ്;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ അവയുടെ അംഗങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശയെത്രയാണ്;

(സി) ജില്ലാ ബാങ്കുകളിൽ സഹകരണ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്ന നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയെത്രയാണ്;

(ഡി) പ്രാഥമിക സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന പലിശയെത്രയാണ്; ജില്ലാ ബാങ്കും പ്രാഥമിക ബാങ്കുകളും വായ്പകളിൻമേൽ ഈടാക്കുന്ന പലിശ നിരക്ക് കുറക്കുവാനുദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly